**സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം**

# എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ്

## സംഗീതഭൂഷണം (ഡിപ്ലോമ ഇൻ കർണാട്ടിക് മ്യൂസിക്) (SBD)

## 2025 ജൂലൈ സെഷൻ

## പ്രവേശന പത്രിക

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ ആഭിമുഖ്യത്തിലുള്ള എസ്. ആർ. സി കമ്മ്യൂണിറ്റി കോളേജ് 2025 ജൂലൈ സെഷനിൽ നടത്തുന്ന സംഗീതഭൂഷണം (ഡിപ്ലോമ ഇൻ കർണാട്ടിക് മ്യൂസിക്) (SBD) പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. തിരുവനന്തപുരം ആസ്ഥാനമായുള്ള സംഗീത ഭാരതി എന്ന പഠനകേന്ദ്രം വഴിയാണ് ഡിപ്ലോമ പ്രോഗ്രാം നടത്തപ്പെടുന്നത്. ഒരു വർഷമാണ് ഡിപ്ലോമ പ്രോഗ്രാമിന്റെ കാലാവധി. പ്രോഗ്രാമിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. SB001: സംഗീതം-അടിസ്ഥാന തത്വങ്ങൾ (Basic Principles of Music)
2. SB002: സംഗീതം-രാഗവും രൂപവും (Forms and Compositions)
3. SB003: സംഗീത ശൈലികൾ (Carnatic Music: Styles)
4. SB004: സംഗീത ചരിത്രം (History of Carnatic Music)
5. SB005: പ്രാക്ടിക്കൽ ഭാഗം 1 (Practical Part I)
6. SB006: പ്രാക്ടിക്കൽ ഭാഗം 2 (Practical Part II)
7. SB007: പ്രാക്ടിക്കൽ ഭാഗം 3 (Practical Part III)
8. SB008: പ്രാക്ടിക്കൽ ഭാഗം 4 (Practical Part IV)
9. SB009: പ്രോജക്റ്റ് (Project)

ആഴ്ചയിൽ രണ്ട് ദിവസം വൈകുന്നേരം 7.30 മുതൽ 9.30 വരെയുള്ള സമയങ്ങളിൽ സംഘടിപ്പിക്കുന്ന ഓൺലൈൻ ക്ലാസ്സുകൾ, ഓരോ വിഷയത്തിലും തയ്യാറാക്കിയിട്ടുള്ള സ്വയം പഠന സഹായികൾ, പ്രോജക്റ്റ് വർക്ക്, എന്നീ മാർഗ്ഗങ്ങളിലൂടെയാണ് സംഗീതഭൂഷണം ഡിപ്ലോമ പ്രോഗ്രാമിന്റെ പഠനം പുരോഗമിക്കുന്നത്. എഴുത്തു പരീക്ഷകൾ, അസൈൻമെന്റുകൾ, പ്രോജക്റ്റ്, പ്രാക്ടിക്കൽ പരീക്ഷകൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് പ്രോഗ്രാമിന്റെ മൂല്യനിർണ്ണയം. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നതിന് 70 ശതമാനം ഹാജർ ഉറപ്പുവരുത്തണം. ഡിപ്ലോമ പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത +2 പാസ്സ് അഥവാ തത്തുല്യ യോഗ്യതയാണ്. അപേക്ഷകർ 40 വയസ്സിനു മുകളിൽ പ്രായമുള്ളവർ ആണെങ്കിൽ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എസ്. .എസ്. എൽ. സി. പാസ്സ് ആണ്. അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ പ്രായം 17 ആണ്. ഉയർന്ന പ്രായപരിധിയില്ല. ഒരു വർഷം ദൈർഘ്യമുള്ള ഡിപ്ലോമ പ്രോഗ്രാമിന് 16,000/- രൂപയാണ് ഫീസ്. അപേക്ഷാ ഫീസ് 200/-രൂപ. ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കുന്നതിന് https://app.srccc.in/register എന്ന ലിങ്കിലൂടെ കഴിയും. https://srccc.in/download എന്ന ലിങ്കിൽ നിന്നും അപേക്ഷാഫാറം ഡൗൺലോഡ് ചെയ്തും അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2025 ജൂൺ 30 ആണ്. വിശദ വിവരങ്ങൾ തിരുവനന്തപുരം നന്ദാവനത്തുള്ള എസ്.ആർ.സി ഓഫീസിൽ നിന്ന് നേരിട്ടും ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം-33. ഫോൺ നം: 04712325101, 8281114464. വിശദാംശങ്ങൾ www.srccc.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

ഓൺലൈനിൽ നടത്തപ്പെടുന്ന അഭിരുചി പരീക്ഷയിൽ വിജയിക്കുന്നവരെയാണ് സംഗീതഭൂഷണം പ്രോഗ്രാമിന്റെ പഠിതാക്കളായി തെരഞ്ഞെടുക്കുന്നത്. പഠിതാക്കളായി തെരഞ്ഞെടുക്കപ്പെടുന്ന പക്ഷം പ്രോഗ്രാം ഫീസിനത്തിലുള്ള തുക ഒടുക്കിയാൽ മതിയാകും. പാടാനുള്ള കഴിവാണ് അഭിരുചി പരീക്ഷയിൽ പരിശോധിക്കപ്പെടുന്നത്. സംഗീതഭൂഷണം (SBD) പ്രോഗ്രാമിന്റെ പഠനകേന്ദ്രം: സംഗീത ഭാരതി, തൈക്കാട്, തിരുവനന്തപുരം.

**Sd/-**

**ഡയറക്ടർ**